UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

BA /B Sc. (2011 Admn.)

III SEMESTER

COMMON COURSE

# മലയാളസാഹിത്യം

QUESTION BANK

1. കൃഷ്ണഗാഥയുടെ കർത്താവ്?

(a) തുഞ്ചത്തെഴുത്തച്ഛൻ (b) കുഞ്ചൻ നമ്പ്യാർ

(c) ചെറുശ്ശേരി നമ്പൂതിരി (d) പൂന്താനം നമ്പൂതിരി

2. കൃഷ്ണഗാഥയുടെ ഇതിവൃത്തം ഏതിൽനിന്നെടുത്തതാണ്?

(a) ഭാഗവതം (b) രാമായണം

(c) മഹാഭാരതം (d) കൃഷ്ണപ്പാട്ട്

3. ചെറുശ്ശേരിനമ്പൂതിരിയുടെ ജന്മസ്ഥലം?

(a) തെക്കൻ കേരളം (b) മദ്ധ്യകേരളം

(c) തിരുവിതാംകൂർ (d) വടക്കൻ കേരളം

4. ചെറുശ്ശേരി നമ്പൂതിരി ആരുടെ ആശ്രിതനായിരുന്നു?

(a) സാമൂതിരി (b) തിരുവിതാംകൂർ രാജാവ്

(c) ഉണിത്തിരി (d) കോലത്തിരി

5. ആരുടെ കല്പനപ്രകാരമാണ് കൃഷ്ണഗാഥ രചിച്ചത്?

(a) ഉദയവർമ്മൻ (b) കേരളവർമ്മൻ

(c) ആദിത്യവർമ്മൻ (d) രവിവർമ്മൻ

6. കൃഷ്ണഗാഥയിൽ പൊതുവെ ഉപയോഗിച്ചിട്ടുള്ള വൃത്തം

(a) മഞ്ജരി (b) കാകളി

(c) കേക (d) തരംഗിണി

7. ഗോവർദ്ധനം എന്നത്

(a) ഒരു രാജ്യത്തിന്റെ പേരാണ് (b) ഒരു കാലിത്തീറ്റയുടെ പേരാണ്

(c) ഒരു ദേവന്റെ പേരാണ് (d) ഒരു പർവ്വതത്തിന്റെ പേരാണ്

8. അമ്പാടിയിലെ ഗോപന്മാർ വിശേഷ പൂജനടത്തിയിരിന്നത്

(a) ദേവേന്ദ്രന് (b) മഹാവിഷ്ണുവിന്

(c) ഗോവർദ്ധനത്തിന് (d) കാളിന്ദിയ്ക്ക്

9. അമ്പാടിയിലെ ഇന്ദ്രപൂജ മുടക്കിയത്

(a) ശിവൻ (b) ദേവേന്ദ്രൻ

(c) ശ്രീകൃഷ്ണൻ (d) കംസൻ

10. ദേവേന്ദ്രന്റെ പ്രളയവർഷത്തിൽ നിന്ന് അമ്പാടിയെ രക്ഷിച്ചത്

(a) ശ്രീകൃഷ്ണൻ (b) ബലരാമൻ

(c) വസുദേവർ (d) കംസൻ

11. ദേവേന്ദ്രന്റെ പ്രളയവർഷത്തിൽ നിന്ന് ശ്രീകൃഷ്ണൻ അമ്പാടിയിരുള്ളവരെ രക്ഷിച്ചത്

(a) അവരെ മറ്റൊരിടത്തേയ്ക്ക് മാറ്റിപ്പാർപ്പിച്ചിട്ട്

(b) ദേവേന്ദ്രനെ യുദ്ധത്തിൽ തോൽപ്പിച്ചിട്ട്

(c) ഗോവർദ്ധനത്തെ പുഴകിയെടുത്ത് കുടയായി പിടിച്ചിട്ടു

(d) ദേവേന്ദ്രനോടപേക്ഷിച്ചിട്ട്

12. കോരിച്ചൊരിഞ്ഞൊരുപേമഴകണ്ടിട്ടു

കേഴപ്പെടായ് വിനിന്നെന്നു ചൊന്നാൻ - ഈ വരികൾ

(a) കൃഷ്ണഗാഥയിലേതാണ് (b) കല്യാണസൌഗന്ധികം തുള്ളലിലേതാണ്

(c) മഹാഭാരതം കിളിപ്പാട്ടിലേതാണ് (d) ഭാഗവതത്തിലേതാണ്

13. ബാലകന്മാരെയും പൂണ്ടുകൊണ്ടങ്ങനെ

ചാലെനടന്നതിൻ കീഴിൽപുക്കാർ - ഈ വരികൾ ആരുടെയാണ്.

(a) കുഞ്ചൻ നമ്പ്യാർ (b) തുഞ്ചത്തെഴുത്തച്ഛൻ

(c) ചെറുശ്ശേരി നമ്പൂതിരി (d) ഉള്ളൂർ പരമേശ്വരയ്യർ

14. 'മുഷ്ടിയേറ്റുള്ളൊരു നോവുകൊണ്ടന്നേരം' കരഞ്ഞ ഗോവർദ്ധന പർവ്വതത്തിന്റെ കണ്ണുനീരായി ചെറുശ്ശേരി കല്പിയ്ക്കുന്നതെന്ത്?

(a) മഴവെള്ളം (b) മഞ്ഞുവെള്ളം

(c) അരുവികൾ (d) സമുദ്രം

15. "എങ്കൈയ്യിലുള്ളൊരുവൻകുന്നിൻ കീഴിലേ

വന്നിങ്ങുനുഴുവിൻ നിങ്ങളെല്ലാം" എന്നു പറഞ്ഞതാര്?

(a) ബലരാമൻ (b) നന്ദഗോപർ

(c) ശ്രീകൃഷ്ണൻ (d) ഗോവർദ്ധനം

16. "എങ്കൈയ്യിലുള്ളൊരുവൻകുന്നിൻ കീഴിലേ

വന്നിങ്ങുനുഴുവിൻ നിങ്ങളെല്ലാം" എന്നു ശ്രീകൃഷ്ണൻ പറഞ്ഞതെപ്പോൾ?

(a) കോരിച്ചൊരിഞ്ഞൊരു പേമഴ കണ്ടപ്പോൾ (b) കൂരിരുട്ടുപരന്നപ്പോൾ

(c) വേനൽ സഹിയ്ക്കാതായപ്പോൾ (d) കാട്ടുമൃഗങ്ങൾ ആക്രമിയ്ക്കാൻ വന്നപ്പോൾ

17. "എങ്കൈയ്യിലുള്ളൊരുവൻകുന്നിൻ കീഴിലേ

വന്നിങ്ങുനുഴുവിൻ നിങ്ങളെല്ലാം" ഏതാണ് ആ വൻകുന്ന്

(a) കൈലാസം (b) മന്ദരം

(c) മഹേന്ദ്രം (d) ഗോവർദ്ധനം

18. കുരുക്ഷേത്രയുദ്ധത്തിൽ വീണുകടക്കുന്ന ഭീഷ്മർ ആരെകാത്ത് ശരശയ്യയിൽ കിടക്കുന്നു.

(a) പത്നിയെ (b) ഗാന്ധാരിയെ

(c) മുക്തിയാം നാരിയെ (d) പാണ്ഡവരെ

19. കുരുക്ഷേത്രയുദ്ധത്തിൽ ഭീഷ്മർ എത്ര ദിവസം പടനയിച്ചു?

(a) എട്ട് (b) പത്ത്

(c) പതിനെട്ട് (d) പതിനഞ്ച്

20. ഭഗദത്തനെ കൊന്നതാര്?

(a) ഇന്ദ്രൻ (b) അർജ്ജുനൻ

(c) ഭീമൻ (d) ശ്രീകൃഷ്ണൻ

21. അഭിമന്യുവിന്റെ അച്ഛൻ

(a) അർജ്ജുനൻ (b) ശ്രീകൃഷ്ണൻ

(c) ഭീമൻ (d) ദേവേന്ദ്രൻ

22. അഭിമന്യുവിന്റെ അമ്മ

(a) ഉത്തര (b) പാഞ്ചാലി

(c) ഗാന്ധാരി (d) സുഭദ്ര

23. അഭിമന്യുവിന്റെ പത്നി

(a) ഉത്തര (b) പാഞ്ചാലി

(c) ഗാന്ധാരി (d) സുഭദ്ര

24. അഭിമന്യു ശ്രീകൃഷ്ണന്റെ

(a) പുത്രനാണ് (b) സഹോദരനാണ്

(c) മരുമകനാണ് (d) തേരാളിയാണ്

25. ഘടോൽക്കചൻ ഒരു

(a) ക്ഷത്രിയനാണ് (b) രാക്ഷസനാണ്

(c) ദേവനാണ് (d) ഗന്ധർവ്വനാണ്

26. ഘടോൽക്കചന്റെ അമ്മ

(a) പാഞ്ചാലി (b) സുഭദ്ര

(c) ഗാന്ധാരി (d) ഹിഡുംബി

27. ഘടോൽക്കചന്റെ അച്ഛൻ

(a) ഹിഡുംബൻ (b) ദുര്യോധനൻ

(c) യുധിഷ്ഠിരൻ (d) ഭീമൻ

28. ഘടോൽക്കചനെ വധിച്ചത്

(a) ദുര്യോധനൻ (b) കർണ്ണൻ

(c) ദുശ്ശാസനൻ (d) അർജ്ജുനൻ

29. ഘടോൽക്കചനെ കൊല്ലാൻ ഉപയോഗിച്ച വേല് ആര് കൊടുത്താതാണ്

(a) ബ്രഹ്മാവ് (b) വിഷ്ണു

(c) ദേവേന്ദ്രൻ (d) ശിവൻ

30. ജയദ്രഥന്റെ ഭാര്യ

(a) പാഞ്ചാലി (b) ഉത്തര

(c) ദുശ്ശള (d) ഗാന്ധാരി

31. ദുശ്ശള ആരാണ്

(a) നൂറ്റുവരുടെ സഹോദരി (b) പാണ്ഡവരുടെ ഭാര്യ

(c) കൗരവരുടെ ഭാര്യ (d) കർണ്ണന്റെ ഭാര്യ

32. ദ്രോണർ ഒരു

(a) ബ്രാഹ്മനാണ് (b) ക്ഷത്രിയനാണ്

(c) വൈശ്യനാണ് (d) ശുദ്രനാണ്

33. ദ്രോണർ

(a) പാണ്ഡവരുടെ ഗുരുനാഥൻ

(b) കൌരവരുടെ ഗുരുനാഥൻ

(c) പാണ്ഡവരുടേയും കൌരവരുടേയും ഗുരുനാഥൻ

(d) ധൃതരാഷ്ടരുടെ സഹോദരൻ

34. ദ്രോണരെ വധിച്ചതാരാണ്?

(a) ധൃഷ്ടദ്യുമ്നൻ (b) ഭീമൻ

(c) ദുര്യോധനൻ (d) ശ്രീകൃഷ്ണൻ

35. ധൃഷ്ടദ്യുമ്നന്റെ സഹോദരി

(a) ദുശ്ശള (b) സുഭദ്ര

(c) പാഞ്ചാലി (d) ഗാന്ധാരി

36. ധൃഷ്ടദ്യുമ്നൻ ജനിച്ചത്

(a) സമുദ്രത്തിൽ നിന്ന് (b) ഹോമാഗ്നിയിൽ നിന്ന്

(c) ഗംഗയിൽ നിന്ന് (d) പൂവിൽനിന്ന്

37. ദുശ്ശാസനന്റെ അച്ഛൻ

(a) ഗാന്ധാരി (b) ധൃതരാഷ്ടർ

(c) പാണ്ഡു (d) കുന്തി

38. ദുര്യോധനന്റെ അമ്മ

(a) ഗാന്ധാരി (b) കുന്തി

(c) സുഭദ്ര (d) പാഞ്ചാലി

39. ദുശ്ശാസനൻ ദുര്യോധനന്റെ

(a) ജ്യേഷ്ഠൻ (b) ചങ്ങാതി

(c) അനുജൻ (d) അമ്മാവൻ

40. ദുര്യോധനനെ കൊന്നത്

(a) കർണ്ണൻ (b) യുധിഷ്ഠിരൻ

(c) അർജ്ജുനൻ (d) ഭീമൻ

41. ദുശ്ശാസനനെ കൊന്നത്

(a) കർണൻ (b) യുധിഷ്ഠിരൻ

(c) അർജ്ജുനൻ (d) ഭീമൻ

42. ദുര്യോധനനെ ഭീമൻ കൊന്നത്

(a) ദിവ്യാസ്ത്രം ഉപയോഗിച്ച് (b) മാറ് കീറിപ്പിറന്ന്

(c) തുടയടിച്ചുതകർത്ത് (d) തലതച്ചുപൊളിച്ച്

43. ലക്ഷ്മണൻ ഗാന്ധാരിയുടെ

(a) പുത്രൻ (b) പൌത്രൻ

(c) സഹോദരൻ (d) പിതാവ്

44. കർണ്ണൻ എവിടുത്തെ രാജാവായിരുന്നു

(a) അംഗത്തിലെ (b) വംഗത്തിലെ

(c) കലിംഗത്തിലെ (d) മഗധത്തിലെ

45. കർണ്ണൻ ദുര്യോധനന്റെ

(a) സഹോദരനാണ് (b) ഉറ്റമിത്രമാണ്

(c) അനുജനാണ് (d) ജ്യേഷ്ഠനാണ്

46. കർണ്ണന്റെ വില്ലിന്റെ പേര്?

(a) കോദണ്ഡം (b) ഗാണ്ഡീവം

(c) കാളവൃഷ്ഠം (d) ശാർങ്ഗം

47. കർണ്ണന്റെ യഥാർത്ഥ പിതാവ്

(a) പാണ്ഡു (b) ധൃതരാഷ്ടർ

(c) ഇന്ദ്രൻ (d) സൂര്യൻ

48. കർണ്ണന്റെ അമ്മ

(a) ഗാന്ധാരി (b) കുന്തി

(c) പാഞ്ചാലി (d) ഉത്തര

49. ഉന്മൂല നാശനകാരണനായി ഗാന്ധാരി കാണുന്നത് ആരെയാണ്?

(a) ദുര്യോധനെ (b) ദുശ്ശാസനനെ

(c) ശകുനിയെ (d) ഭീമനെ

50. ശകുനി ഗാന്ധാരിയുടെ

(a) സഹോദരൻ (b) ഭർത്താവ്

(c) പുത്രൻ (d) ഭൃത്യൻ

51. ദുര്യോധനന്റെ അമ്മാമൻ

(a) ധൃതരാഷ്ട്രർ (b) പാണ്ഡു

(c) ശകുനി (d) ഇന്ദ്രൻ

52. പട്ടുകിടക്കമേലേ കിടക്കുന്ന നീ

പട്ടുകിടക്കുമാറായിതോ ചോരയിൽ - ആര്?

(a) ദുര്യോധനൻ (b) ഭീമൻ

(c) അഭിമന്യു (d) കർണ്ണൻ

53. “ഇത്രകുടിലതയുണ്ടായൊരുത്തനെ

പൃഥ്വിയിലിങ്ങനെ കണ്ടീല” ആരെപ്പോലെ?

(a) ശകുനിയെ (b) ദുശ്ശാസനനെ

(c) ശ്രീകൃഷ്ണനെ (d) കർണ്ണനെ

54. യാദവവംശം മുടിയുമെന്ന് ഗാന്ധാരി ശപിച്ചു.

എത്രകൊല്ലംകൊണ്ട് ?

(a) 36 (b) 24

(c) 18 (d) 10

55. ഗാന്ധാരിയുടെ അച്ഛൻ

(a) ഭീമൻ (b) പാണ്ഡു

(c) സുബലൻ (d) ശകുനി

56. കുരുക്ഷേത്രയുദ്ധത്തിൽ മരിച്ച രാജാക്കന്മാരെ സംസ്കരിയ്ക്കുവാനുളള ചുമതല ഏല്പിച്ചത്.

(a) കൃപരെ (b) വിദുരരെ

(c) ദ്രോണരെ (d) ഭീഷ്മരെ

57. കൌരവരുടെ ആസ്ഥാനം

(a) ഇന്ദ്രപ്രസ്ഥം (b) ദ്വാരക

(c) ഹസ്തിനപുരി (d) വൈകുണ്ഠം

58. ശ്രീകൃഷ്ണൻ ജനിച്ചത്

(a) സൂര്യവംശത്തിൽ (b) വൃഷ്ണി വംശത്തിൽ

(c) ചന്ദ്രവംശത്തിൽ (d) അസുരവംശത്തിൽ

59. വിഷ്ണി വംശോത്ഭവനാകിയ മാധവൻ

വിഷ്ണുഭഗവാൻ വിരിഞ്ചഹരാർച്ചിതൻ

ജിഷ്ണുതനയകരാബ്ജധരനായി

കൃഷ്ണനുംകൂടി മോദാലെഴുന്നളളിനാൻ ഈ വരികൾ ഉദ്ധരിച്ചത്?

(a) കൃഷ്ണഗാഥയിൽനിന്ന് (b) കല്യാണസൌഗന്ധികം തുളളലിൽനിന്ന്

(c) മഹാഭാരതം കിളിപ്പാട്ടിൽ നിന്ന് (d) ചണ്ഡാല ഭിക്ഷുകിയിൽ നിന്ന്

60. ഗാന്ധാരീവിലാപം ഏതുപർവ്വത്തിലെ ഒരു ഭാഗമാണ്?

(a) സ്ത്രീപർവ്വം (b) ഭീഷ്മപർവ്വം

(c) ദ്രോണപർവ്വം (d) കർണ്ണപർവ്വം

61. ശുദ്ധനഖണ്ഡൻ ജഗൽപരിപൂർണ്ണനാം

ഭക്തപ്രിയൻ, പരമാത്മാപരാപരൻ

നിത്യനാം ദേവകീപുത്രൻ നിരുപമൻ

സത്യസ്വരൂപനനന്തനനാമയൻ - ഈ വരികൾ

(a) ചെറുശ്ശേരിയുടെ (b) പൂന്താനത്തിന്റെ

(c) കുഞ്ചൻ നമ്പ്യാരുടെ (d) തുഞ്ചത്തെഴുത്തച്ഛന്റെ

62. ഗാന്ധാരീ വിലാപത്തിലെ വൃത്തം

(a) കാകളി (b) മഞ്ജരി

(c) കേക (d) നതോന്നത

63. തുഞ്ചത്തെഴുത്തച്ഛൻ ആരംഭിച്ച പ്രസ്ഥാനം

(a) കിളിപ്പാട്ട് (b) തുള്ളൽ

(c) വഞ്ചിപ്പാട്ട് (d) സന്ദേശകാവ്യം

64. തുഞ്ചത്തെഴുത്തച്ഛന്റെ ജീവിതകാലം

(a) ചെറുശ്ശേരിയ്ക്ക് മുമ്പ് (b) ചെറുശ്ശേരിയ്ക്കൊപ്പം

(c) ചെറുശ്ശേരിയ്ക്കു പിമ്പ് (d) ഇരുപതാം നൂറ്റാണ്ട്

65. തുഞ്ചത്തെഴുത്തച്ഛന്റെ ജന്മസ്ഥലം

(a) പാലക്കാടിനടുത്ത് (b) തിരുവനന്തപുരത്തിനടുത്ത്

(c) തിരൂരിനടുത്ത് (d) കൊച്ചിയ്ക്കടുത്ത്

66. കുഞ്ചൻനമ്പ്യാരുടെ ജന്മസ്ഥലം

(a) പാലക്കാട്ടുജില്ലയിൽ (b) തിരുവനന്തപുരം ജില്ലയിൽ

(c) കോഴിക്കോട് ജില്ലയിൽ (d) കണ്ണൂർ ജില്ലയിൽ

67. കുഞ്ചൻ നമ്പ്യാരുടെ ജീവിതകാലം

(a) തുഞ്ചത്തെഴുത്തച്ഛനു മുമ്പ് (b) തുഞ്ചത്തെഴുത്തച്ഛനൊപ്പം

(c) തുഞ്ചത്തെഴുത്തച്ഛന് പിമ്പ് (d) ഇരുപതാം നൂറ്റാണ്ടിൽ

68. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

(a) കുഞ്ചൻ നമ്പ്യാർ (b) കാളിദാസൻ

(c) തുഞ്ചത്തെഴുത്തച്ഛൻ (d) ചെറുശ്ശേരി നമ്പൂതിരി

69. തുള്ളലിന് പൊതുവേ എത്ര വകഭേദമുണ്ട്.

(a) ഒന്ന് (b) രണ്ട്

(c) മൂന്ന് (d) നാല്

70. കല്യാണസൌഗന്ധികം തുള്ളൽ ഏതുവിഭാഗത്തിൽ പെടുന്നു

(a) ഓട്ടൻ (b) പറയൻ

(c) ശീതങ്കൻ (d) ഇവയൊന്നുമല്ല

71. ആദ്യത്തെ തുള്ളൻ കൃതി

(a) കല്യാണസൌഗന്ധികം (b) കിരാതം

(c) സ്യമന്തകം (d) സഭാപ്രവേശം

72. തുള്ളൽക്കവിതയിൽ പ്രാധാന്യം

(a) ഹാസ്യത്തിന് (b) ശൃംഗാരത്തിന്

(c) കരുണത്തിനാണ് (d) വീരത്തിനാണ്

73. ഹനുമാന്റെ അച്ഛൻ

(a) ദേവേന്ദ്രൻ (b) സൂര്യൻ

(c) വായു (d) അഗ്നി

74. ഭീമസേനന്റെ പിതാവ്

(a) ദേവേന്ദ്രൻ (b) സൂര്യൻ

(c) വായു (d) അഗ്നി

75. മതിമുഖീമണിതന്റെ മതിമോദം വളർത്തുവാൻ

അതിവീരനിവൻ ഭീമനതിവേഗം ഗമിയ്ക്കുന്നു - ഇവിടെ പ്രസ്താവിച്ച മതിമുഖി ആര്?

(a) പാഞ്ചാലി (b) സീത

(c) കുന്തി (d) സുഭദ്ര

76. "നേത്രവും ചിമ്മിശ്ശയിച്ചു മൂന്നുലോകങ്ങൾ -

ജയിച്ചുള്ള മഹാവീരൻ" - ആരാണീവീരൻ?

(a) ശ്രീരാമൻ (b) ശ്രീകൃഷ്ണൻ

(c) ഹനുമാൻ (d) ഭീമൻ

77. ഭീമൻ കൊന്ന ഒരു രാക്ഷസനാണ്

(a) രാവണൻ (b) കാലകേയൻ

(c) ബകൻ (d) ദുര്യോധനൻ

78. ജരാസന്ധനെ ഭീമൻ കൊന്നത്

(a) ശരീരം രണ്ടായി പിളർത്തീട്ട് (b) കഴുത്തിൽ ഞക്കിശ്വാസം മുട്ടിച്ചിട്ട്

(c) ഗദകൊണ്ട് തല്ലിയിട്ട് (d) ബാണംകൊണ്ട് കഴുത്ത് മുറിച്ചിട്ട്

79. ഹനുമാന്റെ അമ്മ

(a) അഞ്ജന (b) പ്രഭഞ്ജന

(c) താര (d) രുമ

80. രാവണനെ വാലുകൊണ്ടാശുവരിഞ്ഞുകെട്ടിക്കൊണ്ടു

നാലുസമുദ്രങ്ങൾ ചാടിക്കടന്നവനാര്?

(a) ഹനുമാൻ (b) സുഗ്രീവൻ

(c) ബാലി (d) ജാംബവാൻ

81. തുഞ്ചത്തെഴുത്തച്ഛന്റെ ഒരു കൃതിയാണ്

(a) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്
(b) കൃഷ്ണഗാഥ
(c) കല്യാണസൌഗന്ധികം തുള്ളൽ
(d) ചണ്ഡാലഭിക്ഷുകി

82. കുഞ്ചൻ നമ്പ്യാരുടെ ഒരു കൃതിയാണ്

(a) ചണ്ഡാലഭിക്ഷുകി
(b) കിരാതം തുള്ളൽ
(c) നളചരിതം ആട്ടക്കഥ
(d) മഹാഭാരതം കിളിപ്പാട്ട്

83. നീചജാതിതൻ കൈയ്യാൽ ജലം വാങ്ങി -

യാചമിയ്ക്കുമോ ചെല്ലെഴുമാര്യന്മാർ - ഈ വരികൾ ഏതുകൃതിയിൽ നിന്നുദ്ധരിച്ചതാണ്?

(a) ചണ്ഡാലഭിക്ഷുളി
(b) ജ്ഞാനപ്പാന
(c) കല്യാണസൌഗന്ധികം
(d) ഗാന്ധാരീവിലാപം

84. കോപമേലരുതേ ജലം തന്നാലും

പാപമുണ്ടാമിവളൊരു ചണ്ഡാലി - ഈ വരികളിലെ വൃത്തം

(a) കാകളി
(b) ദ്രുതകാകളി
(c) കേക
(d) മഞ്ജരി

85. പുണ്യശാലിനി നീപകർന്നീടുമീ

തണ്ണീർ തന്നുടെയോരോരൊതുള്ളിയും

അനന്തമറ്റ സുകൃതഹാരങ്ങൾ നി-

നാന്തരാത്മാവിലർപ്പിയ്ക്കുന്നുണ്ടാവാം - ഇത് ആരുടെ രചനയാണ്

(a) ഉള്ളൂർ
(b) വള്ളത്തോൾ
(c) കുമാരനാശാൻ
(d) വൈലോപ്പിള്ളി

86. 'ഓമലേ തരൂ തെല്ലെ'ന്നതുകേ

ട്ടോരാമനോഹരിയമ്പര ന്നോതിനാൾ - ഏന്തുതരാനാണ് ആവശ്യട്ടെത്?

(a) ഭക്ഷണം
(b) ധനം
(c) സ്നേഹം
(d) ദാഹജലം

87. ഓമലേ തരൂ തെല്ലെന്നതുകേ

ട്ടോരാമനോഹരി യമ്പരന്നോതിനാൾ - ആ മനോഹരി അമ്പരക്കാൻ കാരണം?

(a) കാലസംബന്ധി
(b) ദേശസംബന്ധി
(c) ലിംഗസംബന്ധി
(d) ജാതിസംബന്ധി

88. "കോപമേലരുതേജലം തന്നാലും

പാപമുണ്ടാം " - എന്തുകൊണ്ട്?

(a) കൊടുക്കുന്നത് ഒരു പുരുഷനാണ്
(b) മലിനജലമാണ്
(c) കൊടുക്കുന്നവൾ ചണ്ഡാലിയാണ്
(d) കൊടുക്കുന്നത് ഒരു സ്ത്രീയാണ്

89. പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ

തന്വിനാണവൾ കല്ലല്ലിരുമ്പല്ലേ - ഈ വരികൾ ധ്വനിപ്പിയ്ക്കുന്നത്

(a) അവളുടെ നിറത്തെ
(b) അവളുടെ സൌന്ദര്യത്തെ
(c) അവളുടെ ആഗ്രഹത്തെ
(d) അവളുടെ ആർദ്രതയെ

90. പുണ്യശാലിനി നീപകർന്നീടുമീ

    തണ്ണീർ തന്നുടെ യോരോരൊതുള്ളിയും

    അന്തമറ്റസുകൃതഹാരങ്ങൾ നി-

    ന്നന്തരാത്മാവിലർപ്പിയ്ക്കുന്നുണ്ടാവാം - ചണ്ഡാലഭിക്ഷുകിയിലെ ഈ വരികൾ

    (a) ഭിക്ഷുവിന്റെ അനുഗ്രഹമാണ് (b) ചണ്ഡാലഭിക്ഷുകിയുടെ അഭിലാഷമാണ്

    (c) കവിവാക്യമാണ് (d) കണ്ടുനിർക്കുന്നവരുടെ അനുഗ്രഹമാണ്

91. ആ മഹാനാർന്ന സംതൃപ്തികണ്ടഹോ

    ക്കോൾമയിർക്കൊണ്ടു നിൽക്കുന്നു പെൺകൊടി - എന്തിലുള്ള സംതൃപ്തി

    (a) തന്റെ സൌന്ദര്യത്തിൽ (b) തന്റെ വിലാസചേഷ്ടകളിൽ

    (c) തന്റെ മറുപടിയിൽ (d) ദാഹം തീർന്നതിനാൽ

92. മന്ദം കാട്ടുറവെത്തി ദാഹം തീർത്തു

    കന്ദരം പൂകും കേസരി പോലവൻ - ഈ ഉപമയിൽ ധ്വനിയ്ക്കുന്നത്.

    (a) പരാക്രമം (b) ദൈന്യം

    (c) ഗാഭീര്യം (d) സന്തോഷം

93. മന്ദം കാട്ടുറവെത്തിദാഹം തീർത്തു

    കന്ദരം പൂകും കേസരി പോലവൻ - ഏവൻ?

    (a) ശ്രീബുദ്ധൻ (b) ബുദ്ധഭിക്ഷു

    (c) ചാമർനായകൻ (d) സിംഹം

94. "മനോജ്ഞമായ് - അന്തിവാനിന്നകന്നോരു

    കോണുപോൽ - ചന്തമാർന്നങ്ങുനിൽക്കും" - ആരാണ് നിൽക്കുന്നത്?

    (a) ബുദ്ധഭിക്ഷു (b) ചണ്ഡാലകന്യക

    (c) ചെറുവാക (d) നക്ഷത്രം

95. ചരിഞ്ഞമിഴികളാൽ

    ദൂരെമേവന്ന ഭിക്ഷുവിനായ് കരും

    താരിണമാല മോഘമായ് നിർമ്മിച്ചു

    പാരിലൊറ്റക്കാലുന്നിനിലകൊണ്ടാൾ

    മാരഭൂതിപോൽ തെല്ലിട സുന്ദരി - ഈ വരികൾ ധ്വനിയ്ക്കുന്നത്

    (a) ഭക്തി (b) ശൃംഗാരം

    (c) ക്ഷീണം (d) ആഹ്ലാദം

96. ഉയരുവിൻ വേഗം കയറുവിൻ മല

    നിയതിതൻ തീർപ്പു മറിച്ചെഴുതുവിൻ - ഈ വരികളിലെ വൃത്തം

    (a) അന്നനട (b) കാകളി

    (c) കേക (d) മഞ്ജരി

97. പുരോഗമിപ്പോർക്കു ശിലമലരാകു

മിരുൾവിളക്കാകും; ഘനമുഡുവാകും

തനതുവീര്യത്തിൽ വിശങ്കതോന്നാത്ത

ജനതയെക്കണ്ടാൽ നടുങ്ങും ദൈവവും - ഈ വരികൾ ആരുടേതാണ്?

(a) ഉള്ളൂർ (b) വള്ളത്തോൾ

(c) കുമാരനാശാൻ (d) ഇടശ്ശേരി

98. നടക്കുവിൻ മുന്നോട്ടഭിന്നലക്ഷ്യരായ്

പടർത്തുവിൻ നീളെ പരസ്പരം സ്നേഹം - ഈ വരികൾ ഉദ്ധരിച്ചിട്ടുള്ളത്

(a) ചണ്ഡാലഭിക്ഷുകിയിൽ നിന്ന് (b) ഒരു തോണിയാത്രയിൽ നിന്ന്

(c) മലകേറലിൽ നിന്ന് (d) കറുത്തചെട്ടിച്ചികളിൽ നിന്ന്

99. മഹാകവി വള്ളത്തോൾ ഒരു തോണിയാത്ര ആരംഭിയ്ക്കുന്നത്

(a) രാവിലെ (b) സന്ധ്യയ്ക്ക്

(c) ഉച്ചയ്ക്ക് (d) മഴയത്ത്

100. ഒരു തോണിയാത്ര ആരുടെ കവിതയാണ്?

(a) വള്ളത്തോളിന്റെ (b) ഉള്ളൂരിന്റെ

(c) ഇടശ്ശേരിയുടെ (d) വൈലോപ്പിള്ളിയുടെ

101. തമ്പ്രാനിതാണെങ്കലവൻ പതിച്ച

സംബുദ്ധിഹേ സാധുമനുഷ്യ കേൾക്കു

ഈ നമ്മളെല്ലാമൊരു തമ്പുരാന്റെ

കീഴാളരാരാർക്കിഹ തമ്പുരാനാം - ഈ വരികൾ ആരുടെ?

(a) വള്ളത്തോൾ (b) ഉള്ളൂർ

(c) ഇടശ്ശേരി (d) ചെറുശ്ശേരി

102. "നിറഞ്ഞരാവിൻ ചളിയിങ്കൽനിന്നു

വിരിഞ്ഞ വെൺതണ്ടലരൊന്നുയർന്നു" - ഈ വെൺതണ്ടലർ ഏതാണ്?

(a) സൂര്യൻ (b) നക്ഷത്രം

(c) ചന്ദ്രൻ (d) മേഘം

103. തോണിയാത്രയിൽ കവിയോട് യാത്രാകുശലോക്തി ചൊല്ലിയതാരാണ്?

(a) മുക്കുവർ (b) കുളിർമാരുതൻ

(c) സഹയാത്രികർ (d) കൂരിരുട്ട്

104. തോണിയാത്രയ്ക്കിടയിൽ ഉറങ്ങാൻ തുടങ്ങിയ കവിയെ

മുക്കുവൻ വിളിച്ചുണർത്തിയതെന്തിന്?

(a) ഉറങ്ങിയോ എന്നറിയാൻ

(b) തോണിയാത്രയ്ക്കിടയിൽ ഉറങ്ങരുതെന്നു പറയാൻ

(c) രാമായണ വായനയ്ക്ക് സമ്മതം വാങ്ങാൻ

(d) രാമായണത്തിലെ സംശയങ്ങൾ തീർക്കാൻ

105. മുക്കുവത്തിപെറ്റ ബ്രഹ്മർഷിമാർ മുഖ്യൻ ആര്?

(a) വാല്മീകി (b) പരാശരൻ

(c) ദുർവ്വസാവ് (d) വേദവ്യാസൻ

106. ഈ നമ്മളെല്ലാമൊരു തമ്പുരാന്റെ

കീഴാളരാരാർക്കിഹ തമ്പുരാനും? - ഈ വരികളുടെ സന്ദേശം എന്ത്?

(a) നമുക്കെല്ലാവർക്കും മീതെ ഒരു തമ്പുരാനുണ്ട്

(b) നമ്മെയെല്ലാവരേയും ഭരിയ്ക്കുന്ന ഒരു രാജാവുണ്ട്

(c) നമ്മളെല്ലാവരും തമ്പുരാനെ വണങ്ങണം

(d) ഉച്ചനീച ചിന്തനിരർത്ഥകമാണ്

107. മുക്കുവന്റെ രാമായണപാരായണം കവിയെ ആഹ്ലാദിപ്പിച്ചു. കാരണം അതിലെ

(a) ശ്രുതി ശുദ്ധി (b) രാഗഭംഗി

(c) അക്ഷരസ്ഫുടത (d) ഭക്തി

108. മഹാകവി വള്ളത്തോളിന്റെ ഒരു തോണിയാത്ര എന്ന കവിതയ്ക്ക് താഴെ എഴുതിയ ഏതുകവിതയോടാണ് ആശയസാദൃശ്യമുള്ളത്?

(a) മലകേറൽ (b) ബാക്കി വല്ലതുമുണ്ടോ?

(c) കറുത്ത ചെട്ടിച്ചികൾ (d) ഗാന്ധാരീവിലാപം

109. വള്ളത്തോളിന്റെ ഒരു തോണിയാത്ര ഏത് ദോഷത്തിനുനേരെ വിരൽ ചൂണ്ടുന്നതാണ്

(a) സാമ്പത്തീകാസമത്വം (b) അധികാരപരമായ അസമത്വം

(c) സാമുദായികാസമത്വം (d) രാഷ്ട്രീയാസമത്വം

110. കറുത്തചെട്ടിച്ചികൾ എന്ന കവിതയുടെ കർത്താവ്

(a) ചെറുശ്ശേരി (b) വള്ളത്തോൾ

(c) ഉള്ളൂർ (d) ഇടശ്ശേരി

111. മഹാകവി വള്ളത്തോളിന്റെ ശരിയായ പേര്

(a) കൃഷ്ണമേനോൻ (b) നാരായണമേനോൻ

(c) ശങ്കരമേനോൻ (d) രാമമേനോൻ

112. ഇടശ്ശേരി എന്ന പേരിൽ അറിയപ്പെടുന്ന കവിയുടെ പേര്?

(a) പരമേശ്വരൻ നായർ (b) ഗോവിന്ദൻ നായർ

(c) കുട്ടികൃഷ്ണമാരാർ (d) ശങ്കരക്കുറുപ്പ്

113. നന്ദിപറയുന്നു നിങ്ങൾക്കു നീലച്ച

സുന്ദരിമാരേ വിധേയമിക്കേരളം

എത്തുമല്ലോ നിങ്ങൾ വീണ്ടും മീത്തീരത്തി-

ലേറെ ദിനങ്ങൾ കഴിവതിൻ മുന്നമേ. - ഈ വരികൾ ഏതുകൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ്?

(a) കറുത്തചെട്ടിച്ചികൾ (b) ഒരു തോണിയാത്ര

(c) ബാക്കിവല്ലതുമുണ്ടോ (d) മാമ്പഴക്കാലം

114. കാണാമറിയുമേ കണ്ടാൽ മറക്കാത്ത

താണക്കറുത്ത മുഖങ്ങളൊരിയ്ക്കലും - ഈ വരികളിലെ വൃത്തം

(a) ഉപജാതി (b) കാകളി

(c) കേക (d) അന്നനട

115. ഇത്തറവാടിത്തഘോഷണത്തെപ്പോലെ

വൃത്തികെട്ടിട്ടില്ല മറ്റൊന്നു മൂഴിയിൽ - ഈ പ്രസിദ്ധ വരികൾ ആരുടെതാണ്?

(a) വള്ളത്തോളിന്റെ (b) ഉള്ളൂരിന്റെ

(c) കുമാരാശാന്റെ (d) ഇടശ്ശേരിയുടെ

116. മഹാകവി ഉള്ളൂരിന്റെ യഥാർത്ഥനാമധേയം

(a) കൃഷ്ണൻ (b) പരമേശ്വരൻ

(c) സുബ്രഹ്മണ്യൻ (d) രാമൻ

117. എൻ.വി.കൃഷ്ണവാരിയരുടെ ഒരു കവിതയാണ്

(a) ബാക്കിവല്ലതുമുണ്ടോ (b) ഒരു തോണിയാത്ര

(c) കറുത്ത ചെട്ടിച്ചികൾ (d) മാമ്പഴം

118. കത്തിലോപൊട്ടിത്തെറി? ചന്തയിൽ ഡൈനാമിറ്റോ

കത്തിയോകുടിൽ? ആരെയാർകുത്തി, ആർ വീഴുന്നു. - ഈ വരികൾ ഏതുകവിതയിൽ നിന്നെടുത്തതാണ്

(a) മാമ്പഴക്കാലം (b) മലകേറൽ

(c) ബാക്കിവല്ലതുമുണ്ടോ (d) ഒരു തോണിയിൽ

119. ചാരായമത്രേ ഞങ്ങൾ പേനയിൽ നിറയ്ക്കുന്നു - ഈ വരിയിലെ വൃത്തം

(a) കാകളി (b) കേക

(c) മഞ്ജരി (d) തരംഗിണി

120. ബാക്കിവല്ലതുമുണ്ടോ എന്നക്കവിതയിൽ ചിത്രീകരിയ്ക്കുന്നത്

(a) ഭാരതത്തിന്റെ ഗതകാല ചരിത്രം (b) പ്രാചീനമനുഷ്യന്റെ ജീവിതം

(c) വർത്തമാനകാലത്തിന്റെ ഭികരമായ ചിത്രം (d) ആദർശ ലോകത്തിന്റെ ചിത്രം

121. “എന്റെ മനസ്സിനെയൊരു വണ്ടാക്കിമാറ്റുന്നല്ലോ” എന്ത്?

(a) പ്രകൃതിയിൽ നിറഞ്ഞുനിൽക്കുന്ന പൂക്കൾ (b) പലതരത്തിലുള്ള മാവുകൾ

(c) ഓടുന്ന തീവണ്ടി (d) മകളുടെ കൌതുകം

122. മാമ്പഴക്കാലം എന്ന കവിതയിലെ വൃത്തം

(a) കേക (b) കാകളി

(c) മഞ്ജരി (d) വൃത്തമില്ല.

123. “ഈയച്ഛനും മകളേ നീയും തമ്മി-

ലെത്ര മാമ്പഴക്കാലമകലം ശരീരത്തിൽ

മനസ്സിൻ രുചിയിരും” - ഈ വരികൾ ഏതുകവിയുടെ?

(a) എൻ.വി.കൃഷ്ണവാരിയർ (b) ഇടശ്ശേരി

(c) പി.പി.രാമചന്ദ്രൻ (d) വള്ളത്തോൾ

124. വാങ്ങുക കുടിയ്ക്കുക, പുറത്തേയ്ക്കെറിയുക

ജീവിതം നിറച്ചൊരീക്കൂടുകൾ പിന്നേയ്ക്കില്ല. – ഈ വരികൾ ഏതു കവിതയിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ളതാണ്?

(a) കറുത്തചെട്ടിച്ചികൾ (b) മാമ്പഴക്കാലം

(c) ബാക്കിവല്ലതുമുണ്ടോ (d) മലകേറൽ

125. മാമ്പഴക്കാലം എന്ന കവിത

(a) ഫ്രൂട്ടിയുടെ രുചിയെ പുകഴ്ത്തുന്നു (b) വൈലോപ്പിള്ളിക്കവിതകളെ ഓർക്കുന്നു

(c) ഗൃഹാതുരത്വം ഉണർത്തുന്നു (d) പിതൃവാത്സല്യം ചിത്രീകരിയ്ക്കുന്നു.

126. വൃദ്ധസദനം ഒരു

(a) സാമുദായിക നോവലാണ് (b) രാഷ്ട്രീയ നോവലാണ്

(c) ആക്ഷേപഹാസ്യനോവലാണ് (d) പരീക്ഷണ നോവലാണ്

127. വൃദ്ധസദനം എന്ന നോവലിന്റെ ഉള്ളടക്കം

(a) അനാഥവാർദ്ധക്യമാണ് (b) മക്കളില്ലാത്ത വൃദ്ധന്മാരുടെ കഥയാണ്

(c) വൃദ്ധന്മാരുടെ സഹകരണസ്വഭാവമാണ് (d) വൃദ്ധന്മാരുടെ ആസ്പത്രിയാണ്

128. വൃദ്ധസദനം എന്ന നോവൽ ഏതുകഥാപാത്രത്തിന്റെ അനുഭവകഥയായാണ് അവതരിപ്പിയ്ക്കുന്നത്

(a) ഡൊമിനിക് (b) സാറ

(c) സിറിയക്ക് ആന്റണി (d) കത്രീന

129. കെ. നാടാർ എന്ന കഥാപാത്രത്തെ വൃദ്ധസദനത്തിൽ എത്തിയ്ക്കുന്നത് നാട്ടുകാരാണ്? കാരണം

(a) നാടാരുടെ ദയനീയാവസ്ഥകണ്ട് മനസ്സലിഞ്ഞ്

(b) നാടാരെ വീട്ടിൽക്കയറ്റാത്ത മക്കളോട് പ്രതിഷേധിച്ച്

(c) നാടാർക്ക് സ്വന്തക്കാർ ആരുമില്ലാഞ്ഞിട്ട്

(d) നാടാരുടെ നുണയും ഏഷണിയുംകൊണ്ട് പൊറുതിമുട്ടിയിട്ട്

130. സിറിയക്ക് ആന്റണിയുടെ ആദ്യ ഭാര്യ

(a) ആഗ്നസ് (b) സാറ

(c) ക്ലാര (d) നിർമ്മല

131. സിറിയക്ക് ആന്റണിയെ വിവാഹം കഴിയ്ക്കുതിനു മുമ്പ് സാറ

(a) അയാളുടെ രഹസ്യകാമിനിയായിരുന്നു (b) അയാളുടെ മുറപ്പെണ്ണായിരുന്നു

(c) ആഗ്നസ്സിന്റെ സ്വകാര്യ പരിചാരികയായിരുന്നു (d) അനാഥയായിരുന്നു

132. വൃദ്ധസദനത്തിൽ പ്രവേശിപ്പിയ്ക്കപ്പെടുന്നവർക്ക് മുന്തിയ പരിചരണം ലഭിയ്ക്കുന്നതിനുള്ള മാനദണ്ഡം

(a) പ്രായം (b) ബന്ധപ്പെട്ടവർ നൽകുന്ന ചെക്ക്

(c) അവശത (d) ആരോഗ്യസ്ഥിതി

133. സിറിയക്ക് ആന്റണിയ്ക്ക് സാറയെ അഭിനന്ദിയ്ക്കാതിരിയ്ക്കാൻ കഴിഞ്ഞില്ല. എപ്പോൾ?

(a) സാറയെ ഡൊമിനിക്കിന് ഇഷ്ടദാനമായിക്കൊടുത്തു എന്ന കടലാസ്സിൽ ഒപ്പിട്ടുവിച്ചപ്പോൾ

(b) വൃദ്ധസദനത്തിൽ തനിയ്ക്ക് പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തിയപ്പോൾ

(c) മുടങ്ങാതെ തന്നെ സന്ദർശിയ്ക്കാൻ വന്നപ്പോൾ

(d) തന്റെ ആരോഗ്യസ്ഥിതിയിൽ സാറ കാണിച്ച ഉൽക്കണ്ഠയിൽ

134. വൃദ്ധസദനം എന്ന നോവലിൽ ചിത്രീകരിയ്ക്കുന്ന അനാഥാലയത്തിന്റെ പേര്?

(a) നിർമ്മൽ നഗർ
(b) നിർമ്മൽ ഭവൻ
(c) നിർമ്മലാലയം
(d) നിർമ്മൽ നികേതൻ

135. വൃദ്ധസദനത്തിന്റെ ഡയറക്ടർ

(a) ഡൊമനിക്
(b) ഹരിദാസ്
(c) ഇർവാദീസ്
(d) കത്രീന

136. ഇയ്യാക്കു മൂപ്പരെ വൃദ്ധസദനത്തിൽ എത്തിച്ചത്

(a) അയാളുടെ മദ്യപാനം
(b) സദാപുല്ലുപറിയ്ക്കുന്ന സ്വഭാവം
(c) ഏഷണി
(d) മാറാവ്യാധി

137. സിറിയക്ക് ആന്റണിയെ വൃദ്ധസദനത്തിൽ പ്രവേശിപ്പിയ്ക്കുമ്പോൾ അയാൾ

(a) അവശനാണ്
(b) ക്ഷയരോഗിയാണ്
(c) അരോഗ ദൃഢഗാത്രനാണ്
(d) മനോരോഗിയാണ്

138. വൃദ്ധസദനത്തില പ്രവേശനം ലഭിയ്ക്കുന്നത്

(a) നിശ്ചിതപ്രായം കഴിഞ്ഞവർക്ക്
(b) അനാഥർക്ക്
(c) ഒരു പ്രത്യേകമതവിശ്വാസികൾക്ക് മാത്രം
(d) കനത്ത തുക സംഭാനചെയ്യുന്ന ബന്ധുക്കൾ ഉള്ളവർക്ക് മാത്രം

139. വൃദ്ധസദനം എന്ന നോവലിന്റെ ഉപയോഗിച്ചിരിയ്ക്കുന്ന ഭാഷ

(a) വളച്ചുകെട്ടുള്ളത്
(b) ലളിതം
(c) കഠിനം
(d) മടുപ്പുളവാക്കുന്നത്

140. കൊച്ചു ബാവ ചിത്രീകരിയ്ക്കുന്ന രീതിയിലുള്ള വൃദ്ധസദനം

(a) മദ്ധ്യവയസ്കരുടെ നരകമാണ്
(b) വൃദ്ധന്മാരുടെ ആശ്രയസങ്കേതമാണ്
(c) സാമൂഹ്യസേവന കേന്ദ്രമാണ്
(d) വിപുലമായ ഒരു വ്യാപാരമേഖലയാണ്

141. വൃദ്ധസദനത്തിൽ പ്രവേശിപ്പിയ്ക്കാൻ സജ്ജനായ സിറിയക്ക് ആന്റണിയ്ക്ക് ഒരു കാര്യം ബോദ്ധ്യമായി

(a) വൃദ്ധന്മമാർക്ക് അവരുടെ മാത്രം ഒരു ലോകമാണ് നല്ലത്
(b) നമ്മൾ എന്ന പദത്തിന് ജീവിതത്തിൽ പ്രസക്തിയില്ല
(c) ജീവതത്തിൽ ആരും ഒറ്റയല്ല
(d) വാർദ്ധക്യം പ്രതീക്ഷിച്ചതുപോലെ മുഷിപ്പനല്ല

142. വൃദ്ധസദനത്തിൽ പ്രവേശിച്ചവർക്ക്

(a) എപ്പോൾ വേണമെങ്കിലും തിരിച്ചുപോകാം
(b) സേവനം തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെടുത്തിയാൽ തിരിച്ചുപോകാം
(c) തിരിച്ചുപോകൽ അസാധ്യമാണ്
(d) മറ്റൊരന്തേവാസിയെ ഏല്പിച്ചുകൊടുക്കുന്നവർക്ക് തിരിച്ചുപോകാം

143. വൃദ്ധസദനത്തില പ്രവേശിപ്പിയ്ക്കുന്നവരുടെ ബന്ധുക്കളുടെ ടെലഫോൺ നമ്പർ നിർബ്ബന്ധമായും കൊടുത്തിരിയ്ക്കണം

(a) വൃദ്ധർക്ക് ആവശ്യമുള്ളപ്പോഴെല്ലാം കുടുംബവുമായി ബന്ധപ്പെടാൻ

(b) ബന്ധുക്കൾക്ക് വൃദ്ധന്റെ ക്ഷേമാന്വേഷണത്തിന്

(c) വൃദ്ധൻ മരിച്ചുപോയാൽ ഉത്തരവാദപ്പെട്ടവർ എത്താനുള്ള താമസം ഒഴിവാക്കാൻ

(d) ബന്ധുക്കളോട് ഇടയ്ക്കിടെ സ്ഥാപനത്തിന് ബന്ധപ്പെടാൻ

144. വൃദ്ധസദനത്തിലെ ഒരു ഉറച്ച വ്യവസ്ഥയാണ്

(a) അന്തേവാസിയെപ്പറ്റിയുള്ള വിവരങ്ങൾ അന്നന്ന് ബന്ധുക്കളെ അറിയിക്കുക.

(b) മരിയ്ക്കുമ്പോൾ മാത്രം ബന്ധുക്കളെ അറിയിയ്ക്കുക

(c) ഒരിയ്ക്കലും ഒന്നും അറിയിക്കാതിരിയ്ക്കുക

(d) എല്ലാകാര്യങ്ങളും പരസ്യം ചെയ്യുക

145. വൃദ്ധസദത്തിലെ മുറികളുടെ വാതിലിന് ബോൾട്ട് ഘടിപ്പിയ്ക്കാറില്ല കാരണം

(a) വൃദ്ധന് യഥേച്ഛം സഞ്ചരിയ്ക്കാൻ

(b) സ്വകാര്യത ഇവിടെ ഇല്ലാത്തതിനാൽ

(c) വൃദ്ധന്മാർക്ക് സ്വയം രക്ഷപ്പെടാൻ

(d) മരണം സംഭവിച്ചാൽ വീട്ടിത്തടിയിലുണ്ടാക്കിയിട്ടുള്ള മനോഹരമായ വാതിലുകൾ നാശമാക്കാതിരിയ്ക്കാൻ

146. ടൈഗർ എന്ന കഥ ഉൾപ്പെട്ട സമാഹാരമാണ്

(a) ജന്മദിനം (b) നേരും നുണയും

(c) മുച്ചീട്ടുകളിക്കാരന്റെ മകൾ (d) ചെവിയോർക്കുക അന്തിമകാഹളം

147. തിരുവിതാംകൂറിലെ ഭരണത്തെ നിശിതമായി വിമർശിച്ചതിൻെറ പേരിൽ നിരോധിക്കപ്പെട്ട ബഷീറിന്റെ ലഘു പുസ്തകമാണ്

(a) ശബ്ദങ്ങൾ (b) മതിലുകൾ

(c) ധർമ്മരാജ്യം (d) അനുരാഗത്തിന്റെ ദിനങ്ങൾ

148. ടൈഗർ ജനിച്ചത്

(a) നഗരത്തിലെ വീട്ടിൽ (b) തെരുവിൽ

(c) ഓടയിൽ (d) പോലീസ് സ്റ്റേഷനിൽ

149. ടൈഗറുടെ വരവുകണ്ട് ആരെപ്പോലെയുണ്ടെന്നാണ് തടവുകാർ പറഞ്ഞിരുന്നത് ?

(a) കരിമ്പടക്കെട്ടുപോലെ (b) ഇൻസ്പെക്ടറെ പോലെ

(c) പുലിയെപ്പോലെ (d) ഭീരുവിനെപ്പോലെ

150. ലോക്കപ്പുകളിൽ നിന്നു പുറപ്പെടുന്ന.........................മനുഷ്യഹൃദയങ്ങളെ ഉണക്കിക്കരിച്ചു കളയുന്നതാര്?

(a) നിലവിളികൾ (b) കാറ്റും വെളിച്ചവുമില്ലായ്മ

(c) കെട്ടവാട (d) ആഹാരത്തിനായുള്ള ആർത്തി

151. കാവ്യം.........................ആണെന്ന് പഴയപണ്ഡിതന്മാർ കരുതി

(a) പ്രഭുസമ്മിതം (b) സുഹൃദ് സമ്മിതം

(c) കാന്താസമ്മിതം (d) മാതൃസമ്മിതം

152. പൗരസ്ത്യാലങ്കാരികനായ രാജശേഖരന്റെ ഗ്രന്ഥമാണ്

(a) കാവ്യാദർശം (b) കാവ്യമീമാംസ

(c) കാവ്യാലങ്കാരം (d) ശബ്ദകല്പദ്രുമം

153. 'രസഗംഗാധരത്തിന്റെ കർത്താവാണ്

(a) ദണ്ഡി (b) ഭാമഹൻ

(c) ജഗന്നാഥ പണ്ഡിതൻ (d) വാമനൻ

154. ആചാര്യ ദണ്ഡിയുടെ കൃതി

(a) കാവ്യദർശം (b) കാവ്യാലങ്കാരം

(c) രസഗംഗാധരം (d) കാവ്യമീമാംസ

155. സാഹിത്യകാരന്റെ പരമലക്ഷ്യമായി മാരാർ സമർത്ഥിക്കുന്നത്

(a) ആനന്ദം (b) രസം

(c) ദ്വനിഭംഗി (d) മനസ്സസ്കരണം

156. ..........................ആണ് കല എന്ന് മാരാർ സാമാന്യമായി പറയുന്നു

(a) താളം (b) ശബ്ദഭംഗി

(c) സംവിധാനഭംഗി (d) അർത്ഥഭംഗി

157. ഭാരതീയാചാര്യന്മാർ കവിയെ .......................ആയി പരിഗണിച്ചിട്ടുണ്ടെന്നു മാരാർ പറയുന്നു

(a) ഈശ്വരൻ (b) കലാകാരൻ

(c) ആചാര്യൻ (d) ഋഷി

158. ലിംഗഭേദവിജ്ഞാനത്തിൽ പ്രാമാണികനായ പാശ്ചാത്യപണ്ഡിതൻ

(a) ക്രോച്ചേ (b) സോക്രട്ടീസ്

(c) ഹാവ്‌ലോക് എല്ലിസ് (d) പ്ലേറ്റോ

159. ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാജനം എന്ന പുസ്തകം എഴുതിയത്

(a) എം. പി. പോൾ (b) കെ. ഭാസ്ക്കരൻ നായർ

(c) കുട്ടികൃഷ്ണമാരാർ (d) എം. കെ. സാനു

160. 'അനൗചിത്യാദൃതേ നാന്യദ്രസഭംഗസ്യ കാരണം ' എന്നു പ്രസ്താവിച്ചത്?

(a) ധ്വന്യാലോകകാരൻ (b) ആചാര്യദണ്ഡി

(c) വാമനൻ (d) ജഗന്നാഥപണ്ഡിതൻ

161. പ്ലേറ്റോ ആരെപ്പോലെ സംസാരിക്കുന്നു എന്നാണ് വാൾട്ടർ കാഫ്മാൻ എന്ന ചിന്തകന്റെ അഭിപ്രായം?

(a) ദൈവത്തെപ്പോലെ (b) കവിയെപ്പോലെ

(c) ഗുരുവിനെപ്പോലെ (d) പ്രവാചകനെപ്പോലെ

162. വാൾട്ടൻ കാഫ്മാന്റെ അഭിപ്രായത്തിൽ അരിസ്റ്റോട്ടിൽ .........................പോലെ പെരുമാറുന്നു.

(a) ന്യായാധിപനെപ്പോലെ (b) പ്രവാചകനെപ്പോലെ

(c) ശിക്ഷകനെപ്പോലെ (d) തത്ത്വചിന്തകനെപ്പോലെ

163. കവിയും കാമുകനും ഭ്രാന്തനും സമാനചിത്തവൃത്തിയോടുകൂടിയവരാണെന്നു പറഞ്ഞത്

(a) അരിസ്റ്റോട്ടിൽ (b) പ്ലേറ്റോ

(c) സോക്രട്ടീസ് (d) ഷേക്സ്പിയർ

164. ഗാന്ധിയൻ ഹ്യൂമനിസത്തിൻെ ഒരു വ്യാഖ്യാനമെന്ന നിലകളിൽ 1959 ൽ പ്രസിദ്ധീകരിക്കപ്പെട്ട ജി. ശങ്കരപ്പിള്ളുടെ നാടകമാണ്

(a) സ്നേഹദൂതൻ (b) കറുത്ത ദൈവത്തെ തേടി

(c) സബർമതി ദൂരെയാണ് (d) പേപിടിച്ച ലോകം

165. ബഷീർ എഴുതിയ നാടകം

(a) ശബ്ദങ്ങൾ (b) കഥാബീജം

(c) മതിലുകൾ (d) പാത്തുമ്മയുടെ ആട്

166. കവിത്വത്തിൽ ക്രാന്തദർശനം.........................എന്നി രണ്ടംശമുള്ളതായി വിചാരിക്കാം

(a) ആദർശപ്രവണത (b) ചിന്താശീലം

(c) കലാപാടവം (d) ഭാവന

167. "ഇഷ്ടാർത്ഥവ്യവച്ഛിന്നാദനാവലീ ' എന്ന് കാവ്യ ശരീരത്തെ നിർവ്വചിച്ചത്
(a) ജഗന്നാഥപണ്ഡിത രാജൻ (b) ആചാര്യദണ്ഡി
(c) ദാമഹൻ (d) വാമനൻ

168. ജീവിതത്തിൽ നിന്നു വലിച്ചു ചീന്തിയ ഒരേട് എന്ന് എം.പി. പോൾ വിശേഷിപ്പിച്ച ബഷീറിന്റെ സൃഷ്ടി
(a) ബാല്യകാല സഖി (b) അനുരാഗത്തിന്റെ ദിനങ്ങൾ
(c) പെണ്ണുങ്ങളുടെ ബുദ്ധി (d) സമർപ്പയജ്ഞം

169. ബഷീറിന്റെ ആത്മകഥാപരമായ രചന
(a) ഒഴിഞ്ഞ വീട് (b) പ്രേമലേഖനം
(c) ഓർമ്മയുടെ അറകൾ (d) നീലവെള്ളം

170. എം. കെ. സാനു ബഷീറിനെ കുറിച്ചെഴുതിയ പുസ്തകം
(a) ബഷീരിന്റെ നൂറ്റാണ്ട് (b) മുൻപേ നടന്ന ബഷീർ
(c) ഇരുട്ടിൽ ഉറങ്ങാതിരുന്ന ഒരാൾ (d) ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ

171. ..............................എന്ന ആശയമാണ് ബെനഡിറ്റോ ക്രോച്ചേ അവതരിപ്പിച്ചിട്ടുള്ളത്
(a) ഭാവന (b) ഉദാത്തത
(c) സർഗ്ഗാത്മകത (d) സഹജാവബോധം

172. ലോംഗിനസ് കാവ്യത്തിന്റെ ശ്രേഷ്ഠത കാണുന്നത്............................ലാണ്
(a) ഔചിത്യം (b) ഉദാത്തത
(c) ശബ്ദഗുണം (d) അർത്ഥഗുണം

173. ട്രാജഡിയും തത്ത്വചിന്തയും (Tragedy and Philosophy) എന്ന ഗ്രന്ഥം രചിച്ചത്
(a) പ്ലേറ്റോ (b) അരിസ്റ്റോട്ടിൽ
(c) വാൾട്ടർ കാഫ്മാൻ (d) ലോംഗിനസ്

174. മാതൃകാപരമായ ഭരണകൂടത്തെക്കുറിച്ചാണ് കവിതയെക്കുറിച്ചല്ല ഇദ്ദേഹം Republicഎന്ന ഭാഗത്ത് സംസാരിക്കുന്നത്. ഈ പരാമർശം ആരെപ്പറ്റിയാണ് ?
(a) ലോംഗിനസ് (b) സോക്രട്ടീസ്
(c) അരിസ്റ്റോട്ടിൽ (d) പ്ലേറ്റോ

175. സുഭാഷ് ചന്ദ്രന്റെ പ്രഥമ നോവലാണ്
(a) വധക്രമം (b) പറുദീസാനഷ്ടം
(c) തല്പം (d) മനുഷ്യന് ഒരു ആമുഖം

176. 2002 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കഥയാണ്
(a) ടൈഗർ (b) മൂന്നാമതൊരാൾ
(c) മോഹമഞ്ഞ (d) ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം

177. കാഴ്ച സമർപ്പിക്കപ്പെട്ടത്
(a) ഗുജറാത്ത് ദുരിതബാധിതർക്ക് (b) ആസ്വാദകർക്ക്
(c) പത്മരാജന് (d) ജോൺ എബ്രഹാമിന്

178. ബഷീറിന്റെ ഏതു കഥയുടെ ചലചിത്രരൂപമാണ് ഭാർഗവിനിലയം
(a) നേരും നുണയും (b) നീലവെളിച്ചം
(c) ഒഴിഞ്ഞ വീട് (d) ശബ്ദങ്ങൾ

179. കിനാവള്ളി ചോലങ്ങുകൂടിയേക്കുവാ..................? ഒന്നയഞ്ഞപ്പോ കേറിക്കേറിയങ്ങുകൊത്തുവാ.....!
ഇതു പറയുന്നത്
(a) സ്ഥാനാർത്ഥി (b) ചട്ടുകാലി എലി
(c) ഓപ്പറേറ്റർ (d) അമ്പിളി

180. 'കാഴ്ച'യ്ക്കു ശേഷം ബ്ലെസ്സി 2005 ൽ സംവിധാനം ചെയ്ത ചിത്രം
(a) പളുങ്ക് (b) തന്മാത്ര
(c) ഭ്രമരം (d) പ്രണയം

181. 'അമ്മയ്ക്കു വേണ്ടി' എന്ന ചെറുകഥാസമാഹാരത്തിന്റെ കർത്താവാണ്

(a) ബഷീർ (b) സുഭാഷ് ചന്ദ്രൻ

(c) മുണ്ടൂർ കൃഷ്ണൻകുട്ടി (d) എം. ടി

182. 2011 ൽ ബ്ലെസ്സി സംവിധാനം നിർവ്വഹിച്ച സിനിമയാണ്

(a) പളുങ്ക് (b) ഭ്രമരം

(c) കൽക്കത്ത ന്യൂസ് (d) പ്രണയം

183. താഴെ പറയുന്നവയിൽ മുണ്ടൂർ കൃഷ്ണൻ കുട്ടിയുടെ രചനയാണ്

(a) ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം (b) കഥാപുരുഷൻ

(c) വിഡ്ഢികളുടെ സ്വർഗ്ഗം (d) നേരും നുണയും

184. 2010 ലെ ഏറ്റവും നല്ല നോവലായി മലയാള മനോരമയും ഇന്ത്യാ ടുഡേയും വിലയിരുത്തിയകൃതിയാണ് (സുഭാഷ് ചന്ദ്രൻ എഴുതിയത്)

(a) തല്പം (b) ഒരു ആമുഖം

(c) മധ്യേയിങ്ങനെ (d) കാണുന്ന നേരത്ത്

185. നാഷനൽ ഫിലിം അവാർഡ്, ബെസ്റ്റ് ഫിലിം,ഹെസ്റ്റ് ആക്ടർ, ബേസ്റ്റ് സ്ക്രീൻപ്ലേ എന്നീ ബഹുമതി കളെല്ലാം ലഭിച്ച ബ്ലെസ്സി ചിത്രമാണ്

(a) പളുങ്ക് (b) തന്മാത്ര

(c) ഭ്രമരം (d) പ്രണയം

186. 2011 ലെ ഓടക്കുഴൽ അവാർഡിനർഹനായി പ്രഖ്യാപിക്കപ്പെട്ട ഈ കഥാകൃത്ത് പ്രസ്തുത അവാർഡ് നേടിയവരിൽ ഏറ്റവും പ്രായം കുറഞ്ഞ അംഗം കൂടിയാണ്. അദ്ദേഹത്തിന്റെ പേര് ?

(a) കെ. ആർ മീര (b) സുഭാഷ് ചന്ദ്രൻ

(c) വി. ആർ സുധീഷ് (d) സന്തോഷ് എച്ചിക്കാനം

187. മനുഷ്യന്റെ മഹത്തായ ഗുണങ്ങൾക്കൊക്കെ പരമ്മായി വികസിക്കാൻ കഴിഞ്ഞ ഒരു സ്വപ്നമാണ് ..........................

(a) ഭാരതം (b) നവഖലി

(c) സബർമതി (d) ഗ്രാമസ്വരാജ്

188. 'ദുര്യോധനന്റെ ഉരുള ' ഇതു പറയുന്നത്

(a) വേണു (b) മാധവൻ

(c) തേവൻ (d) ശാന്തി

189 'നീയും അവളും എന്റെ ചോറാണെടാ എന്റെ ചോറ്. ഓരോ ഇഞ്ചു ചതയും ഓരോ ഇറ്റു ചോരയും എന്റേതാ എന്റേത് ഇതു പറയുന്നത്

(a) തേവൻ (b) ശാന്തി

(c) വേണു (d) മാധവൻ

190. 'വന്നതൊക്കെ വന്നു ........ഇനി................ആവശ്യമില്ലാത്ത പണിക്കൊന്നും നിക്കണ്ടാ.......നല്ലതു ചെയ്താലും ദോഷമായേ വരൂ.....കാലമതങ്ങനെയാ ' ഇതു പറയുന്ന കാഴ്ചയിലെ കഥാപാത്രം

(a) ലക്ഷ്മി (b) മുത്തശ്ശൻ

(c) മുത്തശ്ശി (d) ജോയി

# ഉത്തരങ്ങൾ

1. (c) ചെറുശ്ശേരിനമ്പൂതിരി
2. (a) ഭാഗവതം
3. (d) വടക്കൻ കേരളം
4. (d) കോലത്തിരി
5. (a) ഉദയവർമ്മൻ
6. (a) മഞ്ജരി
7. (d) ഒരു പർവ്വതത്തിന്റെ പേരാണ്
8. (a) ദേവേന്ദ്രന്
9. (c) ശ്രീകൃഷ്ണൻ
10. (a) ശ്രീകൃഷ്ണൻ
11. (c) ഗോവർദ്ധനത്തെ പുഴക്കിയെടുത്ത് കുടയായി പിടിച്ചു.
12. (a) കൃഷ്ണഗാഥയിലേതാണ്
13. (c) ചെറുശ്ശേരിനമ്പൂതിരി
14. (c) അരുവികൾ
15. (c) ശ്രീകൃഷ്ണൻ
16. (a) കോരിച്ചൊരിഞ്ഞൊരു പേമഴകണ്ടപ്പോൾ
17. (d) ഗോവർദ്ധനം
18. (c) മുക്തിയാം നാരിയെ
19. (c) പതിനെട്ട്
20. (b) അർജ്ജുനൻ
21. (a) അർജ്ജുനൻ
22. (d) സുഭദ്ര
23. (a) ഉത്തര
24. (c) മരുമകനാണ്
25. (b) രാക്ഷസനാണ്
26. (d) ഹിഡുംബി
27. (d) ഭീമൻ
28. (b) കർണ്ണൻ
29. (c) ദേവേന്ദ്രൻ
30. (c) ദുശ്ശള
31. (a) നൂറ്റുവരുടെ സഹോദരി
32. (a) ബ്രാഹ്മണനാണ്

33. (c) പാണ്ഡവരുടേയും കൌരവരുടേയും ഗുരുനാഥൻ
34. (a) ധൃഷ്ടദ്യുമ്നൻ
35. (c) പാഞ്ചാലി
36. (b) ഹോമാഗ്നിയിൽ നിന്ന്
37. (b) ധൃതരാഷ്ട്രർ
38. (a) ഗാന്ധാരി
39. (c) അനുജൻ
40. (d) ഭീമൻ
41. (d) ഭീമൻ
42. (c) തുടയടിച്ചുതകർത്ത്
43. (b) പൌത്രൻ
44. (a) അംഗത്തിലെ
45. (b) ഉറ്റമിത്രമാണ്
46. (c) കാളപൃഷ്ഠം
47. (d) സൂര്യൻ
48. (b) കുന്തി
49. (c) ശകുനിയെ
50. (a) സഹോദരൻ
51. (c) ശകുനി
52. (a) ദുര്യോധനൻ
53. (c) ശ്രീകൃഷ്ണനെ
54. (a) 36
55. (c) സുബലൻ
56. (a) കൃപരെ
57. (c) ഹസ്തിനപുരം
58. (b) വൃഷ്ണിവംശത്തിൽ
59. (c) മഹാഭാരതം കിളിപ്പാട്ടിൽ നിന്ന്
60. (a) സ്ത്രീപർവ്വം
61. (d) തുഞ്ചത്തെഴുത്തച്ഛന്റെ
62. (a) കാകളി
63. (a) കിളിപ്പാട്ട്
64. (c) ചെറുശ്ശേരിയ്ക്ക് പിമ്പ്
65. (c) തിരൂരിനടുത്ത്
66. (a) പാലക്കാട്ടുജില്ലയിൽ

67. (c) തുഞ്ചത്തെഴുത്തച്ഛന് പിമ്പ്

68. (a) കുഞ്ചൻ നമ്പ്യാർ

69. (c) മൂന്ന്

70. (c) ശീതങ്കൻ

71. (a) കല്യാണസൗഗന്ധികം

72. (a) ഹാസ്യത്തിനാണ്

73. (c) വായു

74. (c) വായു

75. (a) പാഞ്ചാലി

76. (c) ഹനുമാൻ

77. (c) ബകൻ

78. (a) ശരീരം രണ്ടായിപിളർന്നിട്ട്

79. (a) അഞ്ജന

80. (c) ബാലി

81. (a) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

82. (b) കിരാതം തുള്ളൽ

83. (a) ചണ്ഡാലഭിക്ഷുകി

84. (b) ദ്രുതകാകളി

85. (c) കുമാരനാശാൻ

86. (d) ദാഹജലം

87. (d) ജാതിസംബന്ധി

88. (c) കൊടുക്കുന്നവൾ ചണ്ഡാലിയാണ്

89. (d) അവളുടെ ആർദ്രതയെ

90. (c) കവിവാക്യമാണ്

91. (d) ദാഹം തീർന്നതിൽ

92 (c) ഗാംഭീര്യം

93. (b) ബുദ്ധഭിക്ഷു

94. (c) ചെറുവാക

95. (b) ശൃംഗാരം

96. (a) അന്നനട

97. (a) ഉള്ളൂർ

98. (c) മലകേറലിൽ നിന്ന്

99. (b) സന്ധ്യയ്ക്ക്

100. (a) വള്ളത്തോളിന്റെ

101. (a) വള്ളത്തോൾ

102. (c) ചന്ദ്രൻ

103. (b) കുളിർമാരുതൻ

104. (c) രാമായണ വായനയ്ക്ക് സമ്മതം വാങ്ങാൻ

105. (d) വേദവ്യാസൻ

106. (d) ഉച്ചനീചചിന്തനിരർത്ഥകമാണ്

107. (d) ഭക്തി

108 (a) മലകേറൽ

109. (c) സാമുദായിക സമത്വം

110. (d) ഇടശ്ശേരി

111. (b) നാരായണമേനോൻ

112. (b) ഗോവിന്ദൻനായർ

113. (a) കറുത്തചെട്ടിച്ചികൾ

114. (b) കാകളി

115. (d) ഇടശ്ശേരിയുടെ

116. (b) പരമേശ്വരൻ

117. (a) ബാക്കി വല്ലതുമുണ്ടോ

118. (c) ബാക്കി വല്ലതുമുണ്ടോ

119. (b) കേക

120. (c) വർത്തമാനകാലത്തിന്റെ ഭീകരമായ ചിത്രം

121. (d) മകളുടെ കൌതുകം

122. (a) കേക

123. (c) പി.പി.രാമചന്ദ്രൻ

124. (b) മാമ്പഴക്കാലം

125. (c) ഗൃഹാതുരത്വം ഉണർത്തുന്നു

126. (c) ആക്ഷേപഹാസ്യനോവലാണ്

127. (a) അനാഥവാർദ്ധക്യമാണ്

128. (c) സിറിയക്ക് ആന്റണി

129. (d) നാടാരുടെ നുണയും ഏഷണിയും കൊണ്ട് പൊറുതിമുട്ടിയിട്ട്

130. (a) ആഗ്നസ്

131. (c) ആഗ്നസിന്റെ സ്വകാര്യ പരിചാരികയായിരുന്നു

132. (b) ബന്ധപ്പെട്ടവർ നൽകുന്ന ചെക്ക്

133. (a) സാറയെ ഡൊമനിക്കിന് ഇഷ്ടദാനമായികൊടുത്തു എന്ന കടലാസ്സിൽ ഒപ്പിടുവിച്ചപ്പോൾ

134. (b) നിർമ്മൽ ഭവൻ

135. (c) ഇർവാദീസ്

136. (c) സദാപുല്ലുപറിയ്ക്കുന്ന സ്വഭാവം

137. (c) അരോഗ്യ ദൃഢഗാത്രനാണ്

138. (d) കനത്തതുക സംഭാവനചെയ്യുന്ന ബന്ധുക്കൾ

139. (b) ലളിതം

140. (d) വിപുലമായ ഒരു വ്യാപരമേഖലയാണ്

141. (c) നമ്മൾ എന്ന പദത്തിന് ജീവിതത്തിൽ പ്രസക്തിയില്ല

142. (c) തിരിച്ചുപോകൽ അസാദ്ധ്യമാണ്

143. (c) വൃദ്ധൻമരിച്ചുപോയാൽ ഉത്തരവാദപ്പെട്ടവർ എത്താനുള്ള താമസം ഒഴിവാക്കാൻ

144. (b) മരിയ്ക്കുമ്പോൾ മാത്രം ബന്ധുക്കളെ അറിയിയ്ക്കുക

145. (d) മരണം സംഭവിച്ചാൽ വീട്ടിത്തടിയിലുണ്ടാക്കിയിട്ടുള്ള മനോഹരമായ കട്ടിലുകൾ നാശമാക്കാതിരിയ്ക്കാൻ

146.(a) ജന്മദിനം

147.(c) ധർമ്മരാജ്യം

148.(c) ഓടയിൽ

149.(b) ഇൻസ്പെക്ടറെ പോലെ

150.(c) കെട്ടവാട

151.(c) കാന്താസമ്മിതം

152.(b) കാവ്യമീമാംസ

153.(c) ജഗന്നാഥ പണ്ഡിതൻ

154.(a) കാവ്യദർശം

155.(d) മനസ്സംസ്കരണം

156.(c) സംവിധാനഭംഗി

157.(d) ഋഷി

158.(c) ഹാവ്‌ലോക് എല്ലിസ്

159.(d) എം. കെ. സാനു

160.(a) ധ്വന്യാലോകകാരൻ

161(d) പ്രവാചകനെപ്പോലെ

162.(a) ന്യായാധിപനെപ്പോലെ

163.(d) ഷേക്സ്പിയർ

164.(c) സബർമതി ദൂരെയാണ്

165.(b) കഥാബീജം

166.(c) കലാപാടവം

167.(b) ആചാര്യദണ്ഡി

168.(a) ബാല്യകാല സഖി

169.(c) ഓർമ്മയുടെ അറകൾ

170.(d) ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ

171.(d) സഹജാവബോധം

172.(b) ഉദാത്തത

173.(c) വാൾട്ടർ കാഫ്മാൻ

174.(d) പ്ലേറ്റോ

175.(d) മനുഷ്യന് ഒരു ആമുഖം

176.(d) ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം

177.(c) പത്മരാജന്

178.(b) നീലവെളിച്ചം

179.(c) ഓപ്പറേറ്റർ

180.(b) തത്മാത്ര

181.(c) മുണ്ടൂർ കൃഷ്ണൻകുട്ടി

182.(d) പ്രണയം

183.(b) കഥാപുരുഷൻ

184.(b) ഒരു ആമുഖം

185.(b) തന്മാത്ര

186.(b) സുഭാഷ് ചന്ദ്രൻ

187.(c) സബർമതി

188.(a) വേണു

189.(d) മാധവൻ

190.(b) മുത്തശ്ശൻ

*********

(C)

Reserved